**ഉപാസകസ്യ മാമേവം യോഗധാരണയാ മുനേ:**
**സിദ്ധയ: പൂർവ്വകഥിതാ ഉപതിഷ്ഠന്ത്യശേഷത: (11-15-31)**
**അന്തരായാൻ വദന്ത്യേതാ യുഞ്ജതോ യോഗമുത്തമം**
**മയാ സംപദ്യമാനസ്യ കാലക്ഷപണഹേതവ: (11-15-33)**

*ഭഗവാൻ കൃഷ്ണൻ പറഞ്ഞു:*

സിദ്ധി, അല്ലെങ്കിൽ അതിഭൗതീകശക്തി, ആത്മീയമാർഗ്ഗിക്ക് സ്വയം ആവശ്യപ്പെടാതെതന്നെ സ്വായത്തമാവുന്നു. അങ്ങിനെയുള്ള പതിനെട്ടു സിദ്ധികളെപ്പറ്റി ഋഷിമാർ വിവരിച്ചിട്ടുണ്ട്. അവയിൽ പത്തെണ്ണം സാത്വികജീവിതം കൊണ്ടു തന്നെ, സാത്വീകതയിൽ പ്രതിഷ്ഠിതനാവുന്നതുകൊണ്ടുതന്നെ ലഭ്യമാണ്. എന്നാൽ എട്ട് പ്രധാനസിദ്ധികൾ എൻെറ ഭക്തനുമാത്രമേ ലഭിക്കൂ. അവ എന്തെല്ലാമെന്ന് ഞാൻ പറഞ്ഞു തരാം.

1) **അണിമ**: എന്നെ സൂക്ഷ്മത്തിലും സൂക്ഷ്മഭാവത്തിൽ അണുവിൻെറ ആത്മാവായും പൂജിക്കുന്ന ഒരുവന് സ്വയം ഒരണുവിൻെറയത്ര ചെറുതായി മാറാൻ കഴിയും.
2) **മഹിമ**: മഹത്തിലും മഹത്തായ വിശ്വത്തിൻെറ തന്നെ പരംപൊരുളായി വിശ്വഭൂതങ്ങളെയും വിലയം ചെയ്യുന്ന നിസ്സീമമായ ശക്തിവിശേഷമായി എന്നെ ധ്യാനിക്കുന്നവന് സ്വയം എത്രവേണമെങ്കിലും വലുപ്പമാർജ്ജിക്കാൻ കഴിയും.
3) **ലഘിമ**: പഞ്ചഭൂതങ്ങളിൽ ആകാശമൊഴികെയുള്ളവയുടെയെല്ലാം അന്തർവാസിയായ എന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരുവന് സ്വയം അതീവലഘുവായി, ഭാരമേതുമില്ലാതാവാൻ കഴിയും. ഈ മൂന്നും ഭൗതീക ശരീരത്തിൻെറ സിദ്ധികളാണ്.
4) **പ്രാപ്തി**: ആരൊരുവൻ എന്നെ സാത്വീകജന്യമായ പരമനിയന്താവായി ധ്യാനിക്കുന്നുവോ, അവന് ജീവികളുടെ മനസ്സുകളെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കാൻ കഴിയും.
5) **പ്രാകാമ്യം**: ആരൊരുവൻ എന്നെ വിശ്വബുദ്ധിയായും ഊർജ്ജമായും വിശ്വമഹത്തിൻെറ തത്ത്വമായും ധ്യാനിക്കുന്നുവോ അവന് ഏതുസുഖം വേണമെങ്കിലും ആസ്വദിക്കാൻ കഴിയും.
6) **ഈശിഷ്ടം**: ആരാണോ എന്നെ മായാധിപനായും വിശ്വത്തിൻെറ പരമനിയന്താവായും ധ്യാനിക്കുന്നത്, അയാൾക്ക് എല്ലാ ജീവികളേയും നിയന്ത്രിക്കാനാകും.
7) **വാസിഷ്ടം**: ഭൗതീകശരീരം, സൂക്ഷ്മശരീരം, കാരണശരീരം, എന്നിവയാൽ നിയതമായ, സമഷ്ടിക്കു നിദാനമായ, വിശ്വതത്ത്വങ്ങൾക്കുമതീതനായ, ഭഗവാൻ നാരായണനെ ധ്യാനിക്കുന്നവൻ യാതൊന്നിനോടും മമതയില്ലാതെ എൻെറ പ്രകൃതിയെ സ്വീകരിക്കുന്നു. ഭഗവാൻ എന്നാൽ ആസ്വദിക്കുന്നവൻ. അതായത്: i) വിശ്വപ്രഭുത്വം, ii) ധർമ്മം, iii) പ്രശസ്തി, iv) ഐശ്വര്യം, v) വിജ്ഞാനം, vi) അനാസക്തി എന്നിവ സ്വായത്തമായുള്ളയാൾ.
8) **കാമാവസായിതം**: ആരാണോ എന്നെ പരംപൊരുളും നിരുപാധികവുമായ ബ്രഹ്മവുമായി ധ്യാനിക്കുന്നത്, അയാൾക്ക് പരമാനന്ദം ലഭിക്കുന്നു.

മറ്റു യോഗമാർഗ്ഗങ്ങളിലൂടെ എൻെറ ഭക്തന് പലേവിധ സിദ്ധികൾ ലഭിക്കുന്നു. ഉദാഹരണത്തിന് മൃഗങ്ങളുടെ ഭാഷ മനസ്സിലാക്കുക, പരകായപ്രവേശം, സ്വേഛപ്രകാരം സഞ്ചരിക്കുക തുടങ്ങിയ സിദ്ധികൾ. എന്നാൽ കുലമഹിമയാലോ, മരുന്നുകൾകൊണ്ടോ, തപസ്സുകൊണ്ടോ, മന്ത്രസിദ്ധിയാലോ ലഭിക്കുന്ന ഈദൃശശക്തികൾ തടസ്സങ്ങളത്രെ. കാരണം അവ ആത്മസാക്ഷാത്കാരത്തിലെത്തുന്നതിൽനിന്നും ഒരുവന് കാലതാമസമുണ്ടാക്കുന്നു. ഈശ്വരസാക്ഷാൽക്കാരം ലഭിക്കാൻ എന്നിലുള്ള സമ്പൂർണ്ണഭക്തിമാത്രമേ മാർഗ്ഗമുള്ളു.